## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5213 15.11.2019-ൽ മറുപടിയ്ക്ക്

### മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിടം

| | ചോദ്യം<br><br>ശ്രീ.ടി. എ അഹമ്മദ് കബീർ | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള വടക്കാങ്ങര വില്ലേജിലെ 20 സെൻറ് ഭൂമി റവന്യൂവകുപ്പിന്റെ അനുമതിയോടുകൂടി വിലയ്ക്ക് വാങ്ങി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് താലൂക്ക് സർവ്വെയർ അളന്ന് തിട്ടപ്പെടുത്തി പെരിന്തൽമണ്ണ തഹസിൽദാറുടെ (ഭൂരേഖ) കത്തിനോടൊപ്പം മലപ്പുറം ജില്ലാ സർവ്വെ സൂപ്രണ്ട് മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും, 07/11/2019 ന് 11/5B,9 എന്നീ നമ്പർ സബ് ഡിവിഷൻ റെക്കോർഡുകൾക്ക് അംഗീകാരം നൽകി റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് പെരിന്തൽമണ്ണ തഹസിൽദാർക്ക് ജില്ലാ സർവ്വെ സൂപ്രണ്ട് അപേക്ഷിച്ചിട്ടുണ്ട്. ആയത് പ്രകാരം തഹസിൽദാർ വില്ലേജ് രേഖകളിൽ മാറ്റം വരുത്തുന്ന മുറക്ക് സ്ഥല വില അടവാക്കി പഞ്ചായത്ത് സ്ഥലം റവന്യൂ വകുപ്പിൽ നിന്നും ഏറ്റെടുക്കുന്നതാണ്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പഞ്ചായത്ത് ഭരണ സമിതിയുടെ 24/10/2019 ലെ 1(6) നമ്പർ തീരുമാന പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി, വടകര എന്ന സ്ഥാപനത്തെ കെട്ടിട നിർമ്മാണത്തിനും മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിനും ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ